മഴവെള്ള സംഭരണം

125 [1064] *ശ്രീ. ജോർജ് ജെ. മാത്യു:*

,, എം. മുരളി:

,, വർക്കല കഹാർ:

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര മില്ലീമീറ്റർ മഴ ലഭിക്കുന്നു; ഇപ്രകാരം ലഭിക്കുന്ന വെള്ളമെത്ര;

(ബി) ഈ വെള്ളത്തിന്റെ എത്രഭാഗം ജലസംഭരണികളിൽ സംഭരിക്കപ്പെടുന്നു; എത്രഭാഗം ഭൂമിയിൽ താഴ്ന്നിറങ്ങുന്നു;

(സി) സംസ്ഥാനത്തിന് ലഭിക്കുന്ന മഴവെള്ളത്തിന്റെ ഗണനീയമായ ഭാഗം ഉപയോഗയോഗ്യമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2004 വർഷത്തിൽ ലഭിച്ച മഴയുടെ അളവ് 2921.1 mm ആണ്. 113522 എം. സി. എം. ജലമാണ് ഇപ്രകാരം ലഭിക്കുന്നത്.

(ബി) ഉപരിതല ജലസംഭരണം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടില്ല. കേരളത്തിന്റെ ജിയോളജി അനുസരിച്ച് മഴയുടെ 7 മുതൽ 11 ശതമാനം വരെ ഭൂജലമായി സംഭരിക്കപ്പെടുന്നു. വാർഷിക ഭൂജല ലഭ്യത 6228.65 മില്യൻ ക്യൂബിക് മീറ്റർ ആയി കണക്കാക്കിയിരിക്കുന്നു.

(സി) സംസ്ഥാനത്തിന് ലഭിക്കുന്ന മഴവെള്ളത്തിന്റെ ഗണനീയമായ ഭാഗം ഉപയോഗയോഗ്യമാക്കുന്നതിനായി ഭൂജലവകുപ്പ് മഴവെള്ള ശേഖരണ പദ്ധതി, കൃത്രിമ ഭൂജലസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. മേൽക്കൂരകളിൽ വീഴുന്ന മഴവെള്ളം പൈപ്പിലൂടെ ശേഖരിച്ച് സംഭരണികളിൽ സൂക്ഷിച്ച് ഉപയോഗിക്കുന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കൃത്രിമ ജലസംരക്ഷണ പദ്ധതിപ്രകാരം സബ്സർഫസ് ഡാമുകൾ, ചെക്ക്ഡാമുകൾ എന്നിവ ഭൂജലം ഭൂമിയുടെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങുന്നതിന് സഹായിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly